തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം
ഹാജർ : ശ്രീ.രാജൻ എം.വി

വിഷയം: തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം – എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റ് അനുവദിക്കുന്നതിന് – പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് – ഉത്തരവാകുന്നു.

സൂചന :
1) സർക്കുലർ നം. ഡിബി7/6236/18/സിഇ/തസ്വഭവ തീയതി 03/08/2018
2) സർക്കുലർ നം. ഇ7/4600/2019/സിഇ/തസ്വഭവ തീയതി 25/10/2019
3) സർക്കുലർ നം. ഇ7/4600/2019/സിഇ/തസ്വഭവ തീയതി 04/05/2020
4) ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 03/08/2020 ൽ നടന്ന മീറ്റിംഗിലെ തീരുമാനം

ഉത്തരവ് നം. ഇ7/5230/2020/സിഇ/തസ്വഭവ തീയതി 03.08.2020

സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റിനുള്ള റിക്വസിഷൻ സമർപ്പിക്കുമ്പോൾ ലഭ്യമാക്കേണ്ട രേഖകൾ സംബന്ധിച്ചും, ചെക്ക് ലിസ്റ്റും, ഡാറ്റാ ഷീറ്റും സമർപ്പിക്കേണ്ട വിധവും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. സർക്കാർ ഉത്തരവുകളിലേയും, ഈ കാര്യാലയത്തിൽ നിന്നുള്ള സർക്കുലറുകളിലെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് റിക്വസിഷനുകൾ സമർപ്പിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതു കാരണം, അലോട്ട്മെന്റുകൾ യഥാസമയം ഈ കാര്യാലയത്തിൽ നിന്ന് അനുവദിക്കുന്നതിന് സാധിക്കാതെ വരുന്ന സാഹചര്യമുണ്ടാകുന്നു. പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഫണ്ട് യഥാസമയം അനുവദിക്കുന്നതിന് ഈ കാര്യാലയത്തിന് സാധിക്കാതിരിക്കുന്നത് നിയമസഭാ സാമാജികരുടെ വിമർശനത്തിന് കാരണമാകുകയും എൽ.എ.സി-എ.ഡി.എസ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഫണ്ട് വിനിയോഗത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ ബിൽ തുകകളുടെ അലോട്ട്മെന്റ് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സൂചന (3) പ്രകാരമുള്ള മീറ്റിംഗിലെ തീരുമാന പ്രകാരം ചുവടെ കൊടുക്കുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

1) എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ ബിൽ തുകയുടെ അലോട്ട്മെന്റ് നൽകുന്നതിനായി, റിക്വസിഷൻ, ഭരണാനുമതിയുടെ പകർപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രൊസീഡിംഗ്സ്, പ്രോജക്റ്റ് ഡീറ്റയിൽസ് (ഉള്ളടക്കം ചെയ്തിരിക്കുന്നു) പൂർത്തീകരണ സാക്ഷ്യപത്രം, സെന്റേജ് ചാർജ്ജിനുള്ള ടാക്സ് ഇൻവോയ്സ്, GeM മുഖേന വാങ്ങിയ ഇനങ്ങളുടെ ബിൽ കോപ്പി എന്നിവ മാത്രം ബന്ധപ്പെട്ട

നിർവ്വഹണ ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തി നിർവ്വഹണത്തിലെ നടപടി ക്രമങ്ങളും, പ്രവൃത്തി നടത്തിപ്പും, ടി പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിലെയും , പി.ഡബ്ല്യൂഡി മാന്വലിലെയും, ഈ ഓഫീസിൽ നിന്നും വിവിധ സമയങ്ങളിൽ ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളിലെയും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കേണ്ടതും, റിക്വസിഷനും, ബില്ലും, അനുബന്ധ രേഖകളും അതിൻ പ്രകാരം തയ്യാറാക്കേണ്ടതുമാണ്.

2) പ്രസ്തുത പദ്ധതി പ്രകാരമുളള പ്രവൃത്തികളുടെ നടത്തിപ്പ് സംബന്ധിച്ച് നടപടി ക്രമങ്ങൾ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കേണ്ടതും ഇത് സംബന്ധിച്ചുള്ള പൂർണ്ണമായ ഉത്തരവാദിത്വം അതാത് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിക്ഷിപ്തമായിരിക്കും. പ്രവൃത്തി നടത്തിപ്പിൽ നടപടി ക്രമങ്ങളിൽ വീഴ്ച വരുത്തുന്നതും, മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റിക്വസിഷനും, ബില്ലും, അനുബന്ധ രേഖകളും തയ്യാറാക്കി ബിൽ തുകയുടെ അലോട്ട്മെന്റ് തുക വിനിയോഗിക്കുന്നതും വഴി സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പൂർണ്ണമായും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

3) ആ കാര്യാലയത്തിലെ ബന്ധപ്പെട്ട <u>ഫയലുകളിൽ ടി പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളിലേയും, പി.ഡബ്ല്യൂഡി മാന്വലിലെയും, ഈ ഓഫീസിൽ നിന്നും ഇത് സംബന്ധിച്ച് വിവിധ സമയങ്ങളിൽ പുറപ്പെടുവിച്ച സർക്കുലറുകളിലേയും മാർഗ്ഗനിർദ്ദേശ പ്രകാരമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും, 03.08.2018 ലെ സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന ചെക്ക് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന പ്രകാരം രേഖകൾ തയ്യാറാക്കിയിട്ടുണ്ടെന്നും അതിനു ശേഷമാണ് ബില്ലുകൾ തയ്യാറാക്കി റിക്വസിഷനുകൾ സമർപ്പിക്കുന്നതെന്നും ടി പ്രവൃത്തിയുടെ നിലവിലെ ബിൽ തുക, അലോട്ട്മെന്റിനായി മുമ്പ് നൽകിയിട്ടില്ലായെന്നും റിക്വസിഷനൊപ്പം സമർപ്പിക്കുന്ന ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരമല്ലാതെയുള്ള റിക്വസിഷൻ സമർപ്പിക്കപ്പെടുന്ന പക്ഷം ബന്ധപ്പെട്ട റിക്വസിഷനുകൾ നിരസിക്കുന്നതാണെന്നും അറിയിക്കുന്നു.</u>

4) ഈ കാര്യാലയത്തിലെ ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ വാർഷിക ഓഡിറ്റിംഗിനുൾപ്പെടെ നിയമാനുസൃതമായ എല്ലാ ഓഡിറ്റിംഗിനും ഫിസിക്കൽ വെരിഫിക്കേഷനും എൽ.എ.സി എ.ഡി.എസ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ വിധേയമാക്കുന്നതാണ്.

5) നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഇനിമുതൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിലും ടി ഓഫീസുകളിലെ ബന്ധപ്പെട്ട പ്രവൃത്തികളുടെ ഫയലുകളിലും വീഴ്ചകൾ കാണുന്ന പക്ഷം ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്, റികൺസിഷനുകൾ അനുവദിച്ച ശേഷം, തുകയിൽ ഉണ്ടാകുന്ന വ്യതിയാനം അതാത് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്. കോടതി വ്യവഹാര തീർപ്പുകളിലെ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

6) ആസ്തി വികസന പദ്ധതികളുമായി ബന്ധപ്പെട്ട കത്തുകളും രേഖകളും ഇനി മുതൽ ടി ആവശ്യത്തിലേക്കായി സൃഷ്ടിച്ച ഇ-മെയിൽ മുഖാന്തിരം അയയ്ക്കേണ്ടതാണ്. **(celsgdlacads@gmail.com)** എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും നാളിതുവരെ ഈ പദ്ധതിയെ സംബന്ധിച്ച ഒരു റിപ്പോർട്ട് **(Excel Sheet)** ഒരാഴ്ചയ്ക്കുള്ളിൽ ഈ ഓഫീസിൽ മേൽ സൂചിപ്പിച്ച ഇ-മെയിൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ് : 1) എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും (കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമ പഞ്ചായത്ത്) തുടർനടപടികൾക്കായി

2) എല്ലാ ഡിവിഷണൽ അക്കൗണ്ടന്റുമാർക്കും തുടർനടപടികൾക്കായി

3) ചീഫ് എഞ്ചിനീയർ/ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/ഫിനാൻസ് ഓഫീസർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ എ.ഇ.ഇ/എഇ/സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് തുടർനടപടികൾക്കായി

4) ചീഫ് എഞ്ചിനീയർ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷനുകൾക്കും തുടർനടപടികൾക്കായി

| Project Details and Check list for payment verification of LAC-ADS Bill | | |
|---|---|---|
| **Sl.No** | **Description** | **Details** |
| 1 | Name of Project & Running Account Bill No. | |
| 2 | AS Order No. & date, (Copy of AS should be enclosed) | |
| 3 | AS Amount | |
| 4 | Name of the Constituency | |
| 5 | Estimate PAC | |
| 6 | Accepted PAC | |
| 7 | Revised Estimate PAC | |
| 8 | Revised Accepted PAC | |
| 9 | Technical Sanction No. & Date (Copy should be enclosed) | |
| 10 | Total TS Amount | |
| 11 | Name of the Contractor & Contractor Register No. | |
| 12 | Agency executed the work | |
| 13 | Agreement No. & Date | |
| 14 | Site Hand Over Date | |
| 15 | Duration of the work | |
| 16 | Scheduled Date of Completion | |
| 17 | Actual Date of Completion | |
| 18 | Delay if any (in days) give explanation | |
| 19 | Bill Already submitted | |
| | i) Part Bills already paid Ist & Part Bill (Amount) | |
| | ii) Part Bills already paid 2nd & Part Bill (Amount) | |
| | iii) Part Bills already paid 3rd & Part Bill (Amount) | |
| | **Total amount already paid** | |
| 20 | Present Bill details | |
| | i) Gross Bill Amount for the present claim (Rs) | |
| | ii) Fine Deducted (Rs) | |
| | iii) Cost of Empty Barrels (Rs) | |
| | iv) Retention for Part Bill | |
| | Recoveries | |
| | a) Material cost | |
| | b) Income tax | |
| | c) G.S.T | |
| | d) Contribution to KCWWF | |
| | e) Flood cess | |
| | **Total recovery** | |
| 21 | **Net Amount of Bill** | |

| | | |
|---|---|---|
| 22 | Centage charges | |
| 23 | HR payment if any | |
| 24 | Attested Photocopies of the following documents should be enclosed | |
| | 1) Administrative Sanction Order | |
| | 2) Technical Sanction Order | |
| | 3) Completion Certificate | |
| | 4) Page of Memorandum of Payments of the work bill closed / passed with all recovery particulars and net amount payable | |
| | 5) Last page of the part (II) of the Bill | |
| | 6) Tax invoice of Centage Charge (Accredited Agency concerned) | |
| | 7) Tax invoice of Gem bill for the purchase of LED Bulb | |
| 25 | Name(s) & office of Asst.Engineer(s) who executed the work | |
| 26 | Name(s) & office of Asst.Executive Engineer(s) who check measured the work | |

## CERTIFICATE

I, ......................................the implementing officer in respect of the work

hereby certify that the prevailing rules and regulations stipulated in PWD Mannual, Government Order etc. have been strictly adhered while executing the work. The bill and other documents has been prepared in view of the directions in the proceeding dated 03-08-2020. I also certified that the amount claimed in this bill has not been previously claimed.

**Name, Designation, Date & Signature of Implementing Officer**

**Place :**

**Date :**